**മുഖ്യമന്ത്രിയുടെ ജനസാന്ത്വനഫണ്ടിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേംബറിൽ 06/02/2017 ന് ചേർന്ന മീറ്റിംഗിന്റെ മിനിറ്റ്സ്**

മീറ്റിംഗിൽ ചർച്ച ചെയ്ത വിഷയങ്ങളും തീരുമാനങ്ങളും

മുഖ്യമന്ത്രിയുടെ ജനസാന്ത്വനം പദ്ധതിയുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലും ഫണ്ട് വിതരണം ചെയ്യുന്നതിനും അവലംബിക്കേണ്ടുന്ന വിവിധ വശങ്ങളെക്കുറിച്ചും ചർച്ച ചെയ്യുന്നതിന് ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേംബറിൽ 06/02/2017-ന് വിളിച്ച് കൂട്ടിയ മീറ്റിംഗ് വൈകുന്നേരം 4 മണിക്ക് ആരംഭിച്ചു.

1. ഭവനരഹിതരായിട്ടുള്ള ജനവിഭാഗങ്ങൾക്ക് ആശ്വാസമേകാൻ 'ലൈഫ്' പദ്ധതിയും, ആശുപത്രികളുടെ നവീകരണത്തിനായി 'ആർദ്രം' പദ്ധതിയും സർക്കാർ ആരംഭിച്ചിട്ടുള്ളതിനാൽ ഇത്തരം പ്രവർത്തനങ്ങളെ 'മുഖ്യമന്ത്രിയുടെ ജനസാന്ത്വനനിധി'യുടെ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിന് യോഗം തീരുമാനിച്ചു. ജീവകാരുണ്യത്തിന് കൂടുതൽ ഊന്നൽ നൽകുന്നതിനും, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഉൾപ്പെടെയുള്ള സമാനപദ്ധതികളിൽ ഉൾപ്പെടുത്തി മുൻപ് ചികിത്സാസംബന്ധിയായി ആശ്വാസധനം ഒരിക്കൽ വിതരണം ചെയ്തിട്ടുള്ള കേസുകളിൽ പോലും തുടർചികിത്സയുടെ ഭാഗമായി സഹായം ആവശ്യമാണെന്ന് ഉത്തമമായി ബോദ്ധ്യപ്പെട്ടാൽ 'മുഖ്യമന്ത്രിയുടെ ജനസാന്ത്വനനിധി'യിൽ നിന്നും തുടർന്നും സഹായധനം അനുവദിക്കാവുന്നതാണ് എന്ന് യോഗം തീരുമാനിച്ചു. മുഖ്യമന്ത്രിയുടെ ജനസാന്ത്വനപദ്ധതിയുടെ മാനദണ്ഡങ്ങൾ നിശ്ചയിച്ച് പുറപ്പെടുവിച്ച 4/1/2017 -ലെ സ.ഉ (പി)1/2017/ധന ഉത്തരവിലെ **'വ്യാപ്തി'** എന്ന ശീർഷകം മേൽപ്പറഞ്ഞ രീതിയിൽ കൂടുതൽ വ്യക്തത വരുത്തി പുന:ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാനും തീരുമാനിച്ചു. പദ്ധതിയുടെ പ്രാധാന്യവും അപേക്ഷകരുടെ ബാഹുല്യവും പരിഗണിച്ച് നിലവിലെ സർക്കാർ ഉത്തരവിൽ മുൻഗണനാക്രമം നിശ്ചയിക്കുവാനും തീരുമാനിച്ചു.
2. ജനസാന്ത്വനനിധിയിൽ നിന്നും സഹായധനം ആവശ്യപ്പെട്ട് ലഭ്യമായിട്ടുള്ള അപേക്ഷകൾ ചെക്ക് ലിസ്റ്റ് മുഖേന തരംതിരിക്കുവാൻ തീരുമാനിച്ചു.

3. അപേക്ഷകരുടെ മാനദണ്ഡം നിശ്ചയിച്ച് വിവിധ ഘട്ടങ്ങളിലായി പദ്ധതി നടത്താൻ തീരുമാനിച്ചു. മൾട്ടിപ്പിൾ ഡിഫിക്കൽറ്റി, ക്രോണിക്ക് ഡിസീസ്, തുടർ ചികിത്സ മുതലായവ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്താൻ നിർദ്ദേശമുണ്ടായി.

4. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ നടത്തിപ്പിനായി C-dit വികസിപ്പിച്ചെടുത്ത സോഫ്റ്റ് വെയർ സംവാധാനത്തിന്റ പ്ലാറ്റ്ഫോം ഉപയോഗിച്ചുതന്നെ മുഖ്യമന്ത്രിയുടെ ജനസാന്ത്വനപദ്ധതിയുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിന് ശ്രീ. എം. ശിവശങ്കറെ യോഗം ചുമതലപ്പെടുത്തി.

5. അപേക്ഷകരുടെ മുൻഗണനാ മാനദണ്ഡങ്ങൾ നിശ്ചയിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനും ഈ സംരംഭത്തിൽ സർക്കാരിനെ സഹായിക്കുന്നതിനും ഈ മേഖലയിൽ വിദഗ്ധരായവരെ ഉൾക്കൊള്ളിച്ച് ഒരു കമ്മിറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചു. ആയതിലേക്ക് താഴെപ്പറയുന്നവരുടെ സേവനം ലഭ്യമാക്കുവാനും തീരുമാനിച്ചു.

   ശ്രീ. വി.എം. ജിതേന്ദ്രൻ(മുൻ ഡയറക്ടർ സാമൂഹ്യനീതി)

   ശ്രീ. കേശവൻനായർ(സാനിട്ടേഷൻ മിഷൻ)

   ശ്രീ.സജിത്.എം.എസ്

6. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ആവശ്യമായി വരുന്ന അനുബന്ധ ചെലവുകൾക്കായുള്ള തുക ധനകാര്യവകുപ്പിന്റെ ചെലവ് ശീർഷകത്തിൽ നിന്ന് വിനിയോഗിക്കുവാനും തീരുമാനിച്ചു.

7. വീടുനിർമ്മാണവുമായി ബന്ധപ്പെട്ട് ജനസാന്ത്വനം പദ്ധതിയിലേക്ക് ലഭിച്ച അപേക്ഷകൾ ഗൃഹനിർമ്മാണവുമായി ബന്ധപ്പെട്ടുള്ള മറ്റ് പദ്ധതികളിലെ അടുത്തഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട വകുപ്പിന് കൈമാറാൻ തീരുമാനിച്ചു.

മീറ്റിംഗ് 5.10 p.m ന് അവസാനിച്ചു.

<u>മീറ്റിംഗിൽ താഴെപ്പറയുന്ന ഉദ്യോഗസ്ഥർ പങ്കെടുത്തു</u>

1. ശ്രീ. കെ.എം എബ്രഹാം IAS

അഡീഷണൽ ചീഫ് സെക്രട്ടറി,

ധനകാര്യവകുപ്പ്

2. ശ്രീ. പി.എച്ച്.കുര്യൻ IAS

പ്രിൻസിപ്പൽ സെക്രട്ടറി,

റവന്യൂ വകുപ്പ്

3. ശ്രീ.എം. ശിവശങ്കർ IAS,ഐ.ടി. വകുപ്പ് സെക്രട്ടറി & ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, മുഖ്യമന്ത്രിയുടെ ഓഫീസ്

4. ശ്രീ. എസ്സ്. സച്ചിത്, അണ്ടർ സെക്രട്ടറി, ധനകാര്യ(ഫണ്ട്സ്) വകുപ്പ്

(ഒപ്പ്)

അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യവകുപ്പ്)

ഉത്തരവിൻപ്രകാരം

സെക്ഷൻഓഫീസർ

പകർപ്പ്:

1. ശ്രീ. കെ.എം എബ്രഹാം IAS,അഡീഷണൽ ചീഫ് സെക്രട്ടറി,ധനകാര്യവകുപ്പ്
2. ശ്രീ. പി.എച്ച്.കുര്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
3. ശ്രീ. എം. ശിവശങ്കർ IAS,ഐ.ടി. വകുപ്പ് സെക്രട്ടറി & ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, മുഖ്യമന്ത്രിയുടെ ഓഫീസ്